**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2134** **11/06/2018-ൽ മറുപടിയ്ക്ക്**

## ഏകീകൃത പൊതുജനാരോഗ്യ നിയമം

**ചോദ്യം**

**ശ്രീ.പി.ഉണ്ണി**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഏകീകൃത പൊതുജനാരോഗ്യ നിയമം സംസ്ഥാനത്ത് നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരളത്തിൽ ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ഡ്രാഫ്റ്റിംഗ് കമ്മിറ്റി സർക്കാരിൽ ലഭ്യമാക്കിയ കരട് പൊതുജനാരോഗ്യ ബില്ലിന്മേൽ നിയമവകുപ്പ് വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തിയ സാഹചര്യത്തിൽ കരട് ബില്ലിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടറുമായി 23.09.2017 ന് ചർച്ച ചെയ്തു. തുടർന്ന് നിയമവകുപ്പിന്റെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കരടിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് എസ്.എച്ച്.എസ്.ആർ.സി. എക്സിക്യൂട്ടീവ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 19/10/2017-ൽ ചർച്ച നടത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ കരടിൽ ആവശ്യമായ മാറ്റം വരുത്താൻ എസ്.എച്ച്.എസ്.ആർ.സിയ്ക്ക് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകുകയും എസ്.എച്ച്.എസ്.ആർ.സി - കരടിൽ വരുത്തിയ മാറ്റങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ, എസ്.എച്ച്.എസ്.ആർ.സി എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 12/02/2018-ന് വീണ്ടും ചർച്ച് ചെയ്യുകയും വരുത്തി മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരട് സർക്കാരിലേയ്ക്ക് ലഭ്യമാക്കാൻ എസ്.എച്ച്.എസ്.ആർ.സി-ദക്ക് നിർദ്ദേശം നൽകുകയും ചെയ്യു. |

**സെക്ഷൻ ഓഫീസർ**